**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് സാഹചര്യത്തിലെ ഓഫീസ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനത്തിൽ വന്ന ക്രമീകരണംമൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; | (എ) | കോവിഡ് വ്യാപനം നിലനിന്നിരുന്ന സാഹചര്യത്തിൽ ഓഫീസുകളിൽ ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളിൽ/ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിവിധ വകുപ്പുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന റവന്യൂ കൃഷി, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇതിന്റെ ഭാഗമായി റവന്യൂ വകപ്പിൽ ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും, ഒക്ടോബർ 11മുതൽ 31 വരെ ജില്ലാതലത്തിലും, നവംബർ 1 മുതൽ 30 വരെ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | റവന്യൂ കൃഷി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോ? | (സി) | ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന റവന്യൂ കൃഷി, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇതിന്റെ ഭാഗമായി റവന്യൂ വകപ്പിൽ ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും, ഒക്ടോബർ 11 മുതൽ 31 വരെ ജില്ലാതലത്തിലും, നവംബർ 1 മുതൽ 30 വരെ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ